(സി) ജോലി കിട്ടാതിരിക്കാൻ കാരണമെന്താണു്;

(ഡി) ഓവർസീസ് ഡവലപ്മെൻറ് ആൻറ് എംപ്ലോയ്മെൻറ് കൺസൽട്ടൻറ് ലിമിറ്റഡിൻെറ ശാഖകൾ അറബിരാജ്യങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ ഉദ്ദേശമെന്താണു്;

(എഫ്) ഈ സ്ഥാപനത്തിൻെറ മൊത്തം ചെലവ് എല്ലാംകൂടി ഒരു വർഷത്തിൽ എന്തു സംഖ്യ വരുമെന്നാണു് പ്രതീക്ഷിക്കുന്നത്?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ.എം.കെ. രാഘവൻ):

(എ) ഉദ്യോഗാർത്ഥികളെ ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടോയെന്നു പരിശോധിച്ചു് ഉണ്ടെങ്കിൽ അത്തരം ആളുകളെ തെരഞ്ഞെടുക്കും.

(ബി) കേരളത്തിൽനിന്നും ഈ സ്ഥാപനം വഴി അയച്ചവർക്കെല്ലാം ജോലി ലഭിച്ചിട്ടുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇങ്ങനെയൊരു നിർദ്ദേശം കമ്പനിയുടെ പരിഗണനയിലുണ്ടു്.

(ഇ) വിദേശത്തുള്ള തൊഴിൽ അവസരങ്ങളെപ്പറ്റി പരമാവധി വിവരങ്ങൾ ശേഖരിക്കുന്നതിനും തദ്ദ്വാരാ കഴിയുന്നത്ര അധികം ആളുകൾക്കു് വിദേശത്തു തൊഴിലുണ്ടാക്കിക്കൊടുക്കുക എന്ന കമ്പനിയുടെ പ്രധാനലക്ഷ്യം ത്വരിതഗതിയിൽ നേടുന്നതിനും വേണ്ടി.

(എഫ്) ഉദ്ദേശം പതിനഞ്ചു ലക്ഷം രൂപ.

സ്റ്റീൽ റീ റോളിംഗ് മില്ലുകൾക്കു് ആവശ്യമായ ബില്ലറ്റുകൾ

*491 [518] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ റീ റോളിംഗ് മില്ലുകൾക്കു് ആവശ്യമായ അസംസ്കൃത പദാർത്ഥമായ ബില്ലറ്റുകൾ ലഭിക്കാത്തതുമൂലം ഈ വ്യവസായം അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചു് ഗവൺമെൻറിനു് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിൽ ഇതുവരെയായി ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ.പി.എസ്. ശ്രീനിവാസൻ):

(എ) ഉണ്ടു്.

(ബി) പരാതിയിൻമേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണു്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

* 492 [519] ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly